## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3914** **21.06.2019 ൽ മറുപടിയ്ക്ക്**

## അനെർട്ടിലെ ശാസ്ത്രജ്ഞൻമാരുടെ പ്രൊമോഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര** | | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി എത്ര ശാസ്ത്രജ്ഞൻമാർ നിലവിലുണ്ട്; അവർ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടത്തിയ ഗവേഷണ പ്രവർത്തനങ്ങളുടെ വർഷം തിരിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | ഊർജ്ജ വകുപ്പിന് കീഴിലുള്ള അനെർട്ടിൽ ഗവേഷണ പ്രവർത്തനങ്ങൾക്കായി 4 ശാസ്ത്രജ്ഞൻമാർ നിലവിലുണ്ട്. അവർ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നടത്തിയ ഗവേഷണ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.<br><br>**(1) ശ്രീ. പ്രേംകുമാർ. കെ.**<br>ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ സ്ഥാപിക്കുന്ന ഒരു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിന്റെ ഡിസൈൻ നടത്തി നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നു. സൗരോർജ്ജം, കാറ്റ്, ആർദ്രത, മഴ തുടങ്ങിയവയിൽ കൂടുതൽ സൂചികകൾ പഠനവിധേയമാക്കുവാൻ സാധിക്കുന്ന സൗരോർജ്ജ വിഭവ പഠന നിലയങ്ങൾ ഇടുക്കിയിലെ രാമക്കൽമേട്ടിലും പാലക്കാട് കുഴൽമന്ദത്തും സ്ഥാപിക്കുന്നതിന് മേൽ നോട്ടം വഹിച്ചു. അനെർട്ട് കടലാസ് മുക്തമാക്കുന്നതിന്റെ ഭാഗമായി വികസിപ്പിച്ച കമ്പ്യൂട്ടർ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് കെൽട്രോണുമായി സംയുക്തമായി സഹകരിച്ചു. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന് **'buymysun'** എന്ന ഇ-കോമേഴ്സ് വെബ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. എം.അനെർട്ട് എന്ന മൊബൈൽ ആപ് തയ്യാറാക്കുകയും അത് അനെർട്ട് നടപ്പാക്കുന്ന കേന്ദ്ര സർക്കാരിന്റെ MNRE പ്രോജക്റ്റിന്റെ സബ്സിഡി വിതരണം, മറ്റ് പേയ്മെന്റ്, സൗജന്യ ഇൻഷ്വറൻസ് എന്നിവയും ആധാറുമായും ബന്ധിപ്പിച്ച് സോഫ്റ്റ് വെയർ തയ്യാറാക്കി, വിവിധ കോളേജുകളിൽ പരിശീലന പരിപാടികളിൽ പങ്കെടുക്കുകയുമുണ്ടായി. പടിഞ്ഞാറെ കല്ലടയിൽ കളിമൺ ഖനനം നടന്ന പ്രദേശത്ത് സൗര പ്ലാന്റ് സ്ഥാപിക്കാനുള്ള പ്രാഥമിക പ്രവർത്തനം നടത്തി. വിവിധ സൗര പ്രോജക്ടുകളുടെ സാങ്കേതിക സ്പെസിഫിക്കേഷൻ തയ്യാറാക്കി.<br>**(2) ശ്രീ. പ്രമോദ്. എൻ. ഇ.**<br>2014 മുതൽ 2018 മെയ് വരെ ശൂന്യ വേതന അവധിയിൽ ആയിരുന്നു. അതിനു ശേഷം ഇടുക്കിയിലെ |

| | | | |
|---|---|---|---|
| | | | രാമക്കൽമേട്ടിൽ സോളാർ-വിൻഡ്-സ്റ്റോറേജ് ഹൈബ്രിഡ് നിലയം സ്ഥാപിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ സാങ്കേതിക വിവരങ്ങൾ തയ്യാറാക്കി. വിവിധ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട്, അനെർട്ടിന്റെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നിർദ്ദേശിച്ച 12 പ്രോജക്ടുകൾക്ക് നേതൃത്വം നൽകുന്നു.<br><br>**(3) ശ്രീമതി. കമലാദേവി. വി.**<br>സൗരോർജ്ജ ഗ്രിഡ് ബന്ധിത ഇൻവെർട്ടർ ഗ്രിഡിൽ വരുത്തുന്ന ആഘാതം സംബന്ധിച്ച പഠനം നടത്തി. കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മായി ചേർന്ന് ബാറ്ററി ചാർജ്ജ് ചെയ്യാനുള്ള നൂതന സംവിധാനമായ ബിപ്സ് (BIPS) സംവിധാനം രൂപകൽപ്പന ചെയ്തു.<br><br>**(4) ശ്രീ. വത്സരാജ്. പി.**<br>അനെർട്ടിന്റെ ഡയറക്ടർ (ടെക്നിക്കൽ) സ്ഥാനത്തിരിക്കുന്നതുകൊണ്ട് ഭരണ കാര്യങ്ങളാണ് കഴിഞ്ഞ 5 വർഷ കാലയളവിൽ ചെയ്തത്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷം ഈ ശാസ്ത്രജ്ഞൻമാർ നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഈ കാലയളവിൽ ഇവർ ശമ്പള ഇനത്തിൽ എത്ര തുക കൈപ്പറ്റിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷം ഈ ശാസ്ത്രജ്ഞൻമാർ നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾക്ക് **729.23** ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ കാലയളവിൽ ഇവർ ശമ്പള ഇനത്തിൽ 2,70,68,034/- രൂപ കൈപ്പറ്റിയിട്ടുണ്ട്. |
| (സി) | അനെർട്ടിലെ രണ്ട് ശാസ്ത്രജ്ഞൻമാർക്ക് സയന്റിസ്റ്റ് ബി തസ്തികയിൽ നിന്നും സയന്റിസ്റ്റ് എഫ് തസ്തികയിലേയ്ക്ക് ഒരേ ദിവസം നാല് പ്രൊമോഷനുകൾ ഒരുമിച്ച് നൽകിയത് ഏത് മാനദണ്ഡപ്രകാരമാണ്;<br>ആയത് CSIR നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരമാണോ;വ്യക്തമാക്കാമോ ; | (സി) | അനെർട്ടിലെ രണ്ട് ശാസ്ത്രജ്ഞൻമാർക്ക് സയന്റിസ്റ്റ് ബി തസ്തികയിൽ നിന്നും സയന്റിസ്റ്റ് എഫ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ കൊടുത്തത് C.S.I.R. പാറ്റേൺ അനുസരിച്ച് 22/02/2013 ലെ സ.ഉ.(എം.എസ്) നം.8/2013/ഊ.വ അനുസരിച്ചാണ്.<br>ബഹു. കേരള ഹൈക്കോടതി ഇവരുടെ പ്രൊമോഷൻ നൽകാനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച് നൽകിയ ഇടക്കാല ഉത്തരവിൻ പ്രകാരമാണ് (20/01/2009 ലെ WP(C) No.27417/2006 ഉം WP(C) No.28824/2006 ഉം) ഈ സർക്കാർ ഉത്തരവ് പുറത്തിറക്കിയത്.<br>CSIR പാറ്റേണിൽ ഉള്ള ഇവർക്ക്, ശാസ്ത്രജ്ഞൻമാർക്കുള്ള സ്ക്രീനിംഗ് അസ്സസ്സ്മെന്റ് പ്രോസ്സസും അയവു വരുത്തിക്കൊണ്ടാണ് പ്രൊമോഷൻ നൽകിയത്. ഇപ്പോൾ CSIR ശമ്പള സ്കെയിലിലാണ് വേതനം നൽകിക്കൊണ്ടിരിക്കുന്നത്.<br>ഇത് ബഹു. ഹൈക്കോടതിയിലുള്ള കേസിന്റെ (WP(C) No.31359/2010) അവസാന ഉത്തരവ് (final verdict) അനുസരിച്ചായിരിക്കും എന്ന് സർക്കാർ ഉത്തരവിലുണ്ട്. |

<table>
<tr>
<td>(ഡി)</td>
<td>മേൽപ്പറഞ്ഞ പ്രമോഷനുകൾ നടപ്പിലാക്കുന്നതിന് മുൻപും അതിനു ശേഷവും ഉള്ള ഇവരുടെ പ്രതിമാസ ശമ്പള ആനുകൂല്യ-ങ്ങൾ, ശമ്പള കുടിശ്ശികയായി നൽകിയ തുകയുടെ വിവരം എന്നിവ വെളിപ്പെടുത്തുമോ;</td>
<td>(ഡി)</td>
<td>അനെർട്ടിലെ രണ്ട് ശാസ്ത്രജ്ഞൻമാർക്ക് സയന്റിസ്റ്റ് ബി തസ്തികയിൽ നിന്നും സയന്റിസ്റ്റ് എഫ് തസ്തികയിലേയ്ക്ക് പ്രമോഷനുകൾ നടപ്പിലാക്കുന്നതിന് മുൻപും അതിനു ശേഷവും ഉള്ള പ്രതിമാസ ശമ്പള ആനുകൂല്യങ്ങൾ, ശമ്പള കുടിശ്ശികയായി നൽകിയ തുകയുടെ വിവരം എന്നിവ ചുവടെ ചേർക്കുന്നു.
<table>
<tr><th>സയന്റിസ്റ്റു മാരുടെ പേര്</th><th>പ്രൊമോഷൻ ലഭിക്കുന്നതിന് മുമ്പുള്ള മാസത്തെ ശമ്പളവും അലവൻസുകളുമുൾപ്പെടെ നൽകിയ ആകെ തുക (രൂപ)</th><th>പ്രൊമോഷൻ ലഭിച്ചതിനു ശേഷം ശമ്പളവും അലവൻസുകളുമുൾപ്പെടെ ഫിക്സ് ചെയ്ത് നൽകിയ ആകെ തുക (രൂപ)</th><th>കുടിശ്ശിക ഇനത്തിൽ നൽകിയ ആകെ തുക (രൂപ)</th></tr>
<tr><td>1</td><td>2</td><td>3</td><td>4</td></tr>
<tr><td>ശ്രീ. പി. വത്സരാജ്</td><td>66,552</td><td>1,20,180</td><td>15,92,818</td></tr>
<tr><td>ശ്രീമതി. വി. കമലാദേവി</td><td>66,552</td><td>1,20,180</td><td>15,92,818</td></tr>
</table>
</td>
</tr>
<tr>
<td>(ഇ)</td>
<td>പ്രസ്തുത പ്രമോഷൻ സംബന്ധിച്ച് കോടതി കേസ്സും ഭീമമായ സാമ്പത്തിക ബാധ്യതയും ഉണ്ടായിരുന്നതിനാൽ നിയമ വകുപ്പിന്റെയും ധന വകുപ്പിന്റെയും ശുപാർശകൾപ്രകാരമായിരുന്നോ സ്ഥാനക്കയറ്റം അനുവദിച്ചത്; അല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കുമോ?</td>
<td>(ഇ)</td>
<td>ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലുമാണ് പ്രൊമോഷൻ നൽകിയത്. ബഹു. കോടതിയുടെ അന്തിമവിധിയുടെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിക്കേണ്ടത് എന്നിരുന്നതിനാൽ നിയമവകുപ്പിന്റെ ഉപദേശം ആവശ്യമായിക്കണ്ടില്ല</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**